കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

മേഖലാ ഓഫീസ്, കൊല്ലം

കൊല്ലം,

തീയതി :23.01.2020

**<u>പത്രക്കുറിപ്പ്</u>**

ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺഓഫീസർ (കാറ്റഗറി നമ്പർ : 456/16), വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ (കാറ്റഗറി നമ്പർ : 457/16) തസ്തികകളുടെ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ശാരീരിക ക്ഷമതാ പരീക്ഷയിൽ വിജയിച്ച ഉദ്യോഗാർത്ഥികൾക്ക് 28.01.2020 മുതൽ കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ ആഫിസുകളിലായി അസ്സൽ പ്രമാണ പരിശോധന നടത്തുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് കൊല്ലം മേഖലാ ആഫീസിൽ വച്ചും , കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ , പാലക്കാട് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് എറണാകുളം മേഖലാആഫീസിൽവച്ചും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് മേഖലാ ആഫീസിൽവച്ചുമാണ് പ്രമാണ പരിശോധന നിശ്ചയിച്ചിട്ടുള്ളത്. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ഇതു സംബന്ധിച്ച് Profile, SMS മെസ്സേജുകൾ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് (വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുത മാതൃകയിൽ) എന്നിവ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്ത ശേഷം അസ്സൽ പ്രമാണങ്ങൾ സഹിതം നിശ്ചിത സ്ഥലത്തും, തീയതിയിലും രാവിലെ **10** മണിക്ക് ഹാജരാകേണ്ടതാണ്.

Sd/-

മേഖലാ ഓഫീസർ

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

മേഖലാ ഓഫീസ്, കൊല്ലം